# കലിവേഷം

**കെ.ജി.പൗലോസ്**

നടനും അഭിനയിക്കുന്ന വേഷവും തമ്മിലുള്ള ബന്ധത്തെപ്പറ്റി ധാരാളം ചർച്ചകൾ നടന്നിട്ടുണ്ട്. തേനും അത് പകരുന്ന പാത്രവും തമ്മിലുള്ള ബന്ധമാണത്രേ കഥയ്ക്കും പാത്രത്തിനും തമ്മിലുള്ളത്. മധുവിനാണ് മധുരം ചഷകത്തിനല്ല എന്ന് അഭിനവഗുപ്തൻ. നടൻ പാത്രമാവുമ്പോഴോ? 'സോഽസ്മീതി മനസാ സ്മരൻ' എന്ന് ശാസ്ത്രം. അരങ്ങിൽ അങ്ങനെയാവാം. ജീവിതത്തിലേക്കും അത് പകർന്നാലോ? അത്തരമൊരു ദുരന്തത്തിന്റെ കഥയാണ് കാവാലം നാരായണപ്പണിക്കർ കലിവേഷം എന്ന നാടകത്തിൽ അവതരിപ്പിക്കുന്നത്.

മൂന്നങ്കങ്ങളുള്ള ഈ നാടകത്തിൽ ആറു പാത്രങ്ങളാണുള്ളത്. വേണമെങ്കിൽ അവയെ മൂന്ന് ദ്വന്ദ്വങ്ങളാക്കാം. നടൻ X പത്നി, നളൻ X ദമയന്തി, കാർക്കോടകൻ X കലി. ഇതിൽ കലിക്ക് രൂപമില്ല. കുടിയേറാനൊരിടം വേണം. കലിക്ക് എങ്കിലേ പ്രവർത്തിക്കാനാകൂ. ഇതാണ് ബീജം.

കശ്യപപ്രജാപതിയുടെ പതിനഞ്ചാമത്തെ പുത്രനാണ് പാപം ഉടലെടുത്ത കലി. പാണ്ഡവന്മാർ പരീക്ഷിത്തിനെ രാജ്യം ഏല്പിച്ച് മഹാപ്രസ്ഥാനം ആരംഭിച്ച കാലം. ശൂദ്രവേഷത്തിൽ നടന്ന് കലി ജനങ്ങളെ ഉപദ്രവിക്കുന്നതായി രാജാവ് അറിഞ്ഞു. അദ്ദേഹം അമ്പുതൊടുക്കുവാൻ തുനിയുമ്പോൾ കലി കാൽക്കൽ വീണു. ദയതോന്നിയ രാജാവ് രാജ്യം വിട്ടോടിക്കൊള്ളാൻ കലിയെ അനുവദിച്ചു. ഭൂമിയെല്ലാം പരീക്ഷിത്തിന്റെ വക ആകയാൽ വസിക്കാൻ എവിടെയെങ്കിലും ഇടം തരണമെന്ന് കലി താണപേക്ഷിച്ചു. അതനുസരിച്ച് ചൂതുകളി, മദ്യപാനം, സ്ത്രീ, വധം, സ്വർണ്ണം എന്നീ അഞ്ചുസ്ഥാനങ്ങളിൽ വസിച്ചുകൊള്ളുവാൻ രാജാവ് കലിയെ അനുവദിച്ചു. അന്നുമുതൽ താമസവൃത്തിയായ കലി കാമമെന്ന പുരുഷാർത്ഥവുമായി അദൃശ്യനായി അലഞ്ഞുനടക്കുന്നു.

നളൻ ദമയന്തിയെ പരിണയിച്ചത് കലിക്ക് രസിച്ചില്ല. നളനെ നശിപ്പിക്കാൻ കലി തീരുമാനിച്ചു. പന്ത്രണ്ട് വർഷം കലി നളനെ ചുറ്റിപ്പറ്റി നടന്നു. ഒടുവിൽ അവസരം കിട്ടിയപ്പോൾ കലി നളനിൽ പ്രവേശിച്ചു. തുടർന്ന് ചൂതുകളിയിൽ നളൻ തോറ്റു. രാജ്യവും നഷ്ടപ്പെട്ടു. ദമയന്തിയോടൊപ്പം വനത്തിൽ അഭയം തേടി. അവിടെവെച്ച് ദമയന്തിയേയും ഉപേക്ഷിച്ചു. ഈ അനർത്ഥപരമ്പരകളെയൊക്കെ ഉണ്ടാക്കിയത് കലിയാണ്. ഒടുവിൽ കാർക്കോടകൻ എന്ന സർപ്പത്തിന്റെ കടിയേറ്റ് കലി പുറത്തുവന്നു. നളൻ കലിയെ നശിപ്പിക്കാനൊരുങ്ങി. കലിയുടെ അപേക്ഷകേട്ട് പരീക്ഷിത്തിനെന്നപോലെ നളനും ദയതോന്നി. വീണ്ടും കലി രക്ഷപ്പെട്ടു. അടുത്തുനിന്ന ഒരു താന്നിവൃക്ഷത്തിൽ കയറി. ഇപ്പോഴും കലി കയറാനൊരിടംതേടി അലയുകയാണ്; ശുദ്ധാത്മാക്കളിലൂടെ കലികാലവിജയം ആഘോഷിക്കാൻ.

അങ്ങനെയിരിക്കുമ്പോഴാണ് നമ്മുടെ നടനിൽ കലി കണ്ണുവെയ്ക്കുന്നത്. പരമസാത്വികനായ ഒരു കഥകളിനടനാണ് അദ്ദേഹം. പൂണൂൽക്കാരനാണെങ്കിലും ദൗർഭാഗ്യത്തിന് എന്നും കെട്ടേണ്ടിവരുന്നത് താമസവേഷങ്ങളാണ്. കിർമ്മീരവധത്തിലെ ധർമ്മപുത്രരുടെ സാത്വികവേഷം ആടണമെന്നാണ് മോഹം. പക്ഷേ, പച്ചവേഷങ്ങൾ ആരും കൊടുത്തില്ല. പകരം കൊടുത്തത് ദുശ്ശാസനന്റെ, കിർമ്മീരന്റെ, ഒക്കെ ദുഷ്ടവേഷങ്ങൾ; സ്ഥിരം വേഷം കലിയുടേയും. ആശിച്ചത്

കിട്ടാതെ വന്നപ്പോൾ കിട്ടിയത് ആടി. അങ്ങനെയാണ് അദ്ദേഹം കലിവേഷക്കാരനായത്. വേഷം ക്രമേണ നടനിലാവേശിച്ചു. നടൻ തനി കലിയായി. ഈ അനുപ്രവേശമാണ് ഒന്നാം രംഗത്തിലെ വിഷയം. ജീവിതത്തിലും കലിയായതോടെ നടന്റെ സ്വകാര്യതകളിലുണ്ടാവുന്ന മാറ്റമാണ് രണ്ടാംരംഗത്തിലുള്ളത്. ജീവിതമാതെ താറുമാറാകുന്നു. പുലരുംവരെ തന്നെ കാത്തിരിക്കുന്ന പത്നിയോടുപോലും നീതിപുലർത്താൻ നടനാകുന്നില്ല. നളചരിതമാണ് മൂന്നാംരംഗം. കലികയറിയ നളൻ ദമയന്തിയെ ഉപേക്ഷിക്കുന്നു. തുടർന്ന് കാർക്കോടകദംശനത്തിന്റെ ഫലമായി അവസാനം കലി പുറത്തുചാടുന്നു. സജ്ജനങ്ങളേയും ധർമ്മികളേയും തീണ്ടിപ്പോകരുതെന്ന വ്യവസ്ഥയിൽ നളൻ കലിയെ മോചിപ്പിക്കുന്നു. നാടകാവസാനം കലി പ്രേക്ഷകരുടെ ഇടയിലേക്കിറങ്ങുന്നു, അടുത്ത ഇരയെ തേടി. ആവേശിക്കാൻ കലി കണ്ടെത്തുന്ന ശുദ്ധാത്മാവ് താനാകരുതേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഓരോ പ്രേക്ഷകനും എഴുനേൽക്കുന്നു. അപ്പോൾ ഭരതവാക്യത്തിലൂടെ ഒരു മുന്നറിയിപ്പ് – 'ഇത് കഥയുടെ പുനരാവർത്തനമാകാം'. കലിയൊരു കറുത്ത സത്യമാണ്, അപരിഹാര്യമായ ഒരു നിത്യഭീഷണി കലിയിലുണ്ട്. അതുകൊണ്ട് കലിബാധകൾക്ക് കലയിൽ മാത്രമല്ല, ജീവിതത്തിലും അവസാനമില്ലതന്നെ.

ഈ നാടകമുയർത്തുന്ന കലാപരവും നൈതികവുമായ പ്രശ്നങ്ങൾ അനവധിയാണ്. കലികാലസന്തരണസേതു എന്തെന്ന അന്വേഷണങ്ങമാണ് ഇതിന്റെ നൈതികതലം. അതിനൊരു പാവം കഥകളിനടനെ ഉപകരണമാക്കിയെന്നേയുള്ളൂ. നടനുമാത്രമല്ല, കാണികളിൽ ആർക്കും ഈ അവസ്ഥ എപ്പോഴും വരാം എന്നതാണ് അതിന്റെ ഭീകരത.

കലാപരമായ പ്രശ്നങ്ങൾ സങ്കീർണ്ണങ്ങളാണ്. ഇതിലെ രണ്ടു ദ്വന്ദങ്ങളെയെടുക്കുക. നടനും പത്നിയും ഒന്ന്, നളനും ഭൈമിയും മറ്റൊന്ന്, പത്നിമാർ ഇരുവരും കലികയറിയ ഭർത്താക്കന്മാരേപ്പറ്റി പ്രതികരിക്കുന്നതൊരുപോലെയാണ്.

**1. ദ്വന്ദ്വങ്ങൾ**




**2. ക്രിയാക്രമം**




**3. ത്രിമാനം**




ഭർത്താവിലുണ്ടായ ഭാവമാറ്റം അവരെ അമ്പരപ്പിക്കുന്നു. ഇതുപോലൊരിക്കലും കണ്ടിട്ടില്ലല്ലോ എന്നാണ് അവരുടെ അത്ഭുതം; ദു:ഖവും. ഭർത്താക്കന്മാർ ഇരുവരും ഒരുപോലെ പെരുമാറുന്നു. അവർക്ക് പൊതുവായി മൂന്നാമനുണ്ട്, കലി. അപ്പോൾ കലി, നടൻ, നളൻ എന്ന ത്രിതലമാനമുള്ളൊരു കഥയായി ഇത് മാറുന്നു. ഇവർ മൂവരും തമ്മിലുള്ള ബന്ധത്തിന്റെ ഏറ്റക്കുറച്ചിലാണ് കഥാഗതിയിൽ മുറുക്കമുണ്ടാവുന്നത്.

‘നടനാണ് ഞാൻ, വേഷമില്ലാത്ത നടൻ. കഥാപാത്രമല്ല എന്നർത്ഥം. പരമസാത്വികനായ ഒരു സാധാരണകഥകളിനടൻ’ ഇങ്ങനെയാണ് നടനെ അവതരിപ്പിക്കുന്നത്. അദ്ദേഹത്തിന് പേരില്ല. കാരണം അതൊരു ആശയമാണ്. കലിയും അങ്ങനെത്തന്നെ.

‘രാത്രിഞ്ചരനാം കലി ഞാൻ. നളചരിതത്തിലെ ധർമ്മം കാട്ടി അഴിഞ്ഞാടിയ തന്റേടാട്ടം തുടരുന്നു. അരങ്ങിൽ ആട്ടവിളക്കത്താടിയ കലാശവിരുതുകളിന്നും തുടരുന്നു.’ കലിക്ക് മൂർത്തസാന്നിദ്ധ്യമില്ല. അതുകൊണ്ട് വേണ്ടത് കയറാനൊരു ദേഹമാണ്. നടനോട് യാചിക്കുന്നതതാണ്. നടൻ ചെറുക്കുന്നു. സ്വന്തം വ്യക്തിത്വം ഉയർത്തിപ്പിടിക്കുകയാണ് അയാൾ. ‘നിന്നെ എന്നിലേക്കാവാഹിക്കാൻ എന്റെ അനുമതി വേണം. ഞാനില്ലാതെ നിനക്കില്ലല്ലോ മൂർത്തസാന്നിദ്ധ്യം.’ ഏറെനാൾ ചെറുത്ത് നിൽക്കാൻ നടന് കഴിയുന്നില്ല. വളരെ സാവകാശമാണ് കലി അവനെ കീഴടക്കുന്നത്. നടന്റെ സ്വത്വനാശത്തിന്റെ ധ്വനിപാഠങ്ങളെന്താണ്? നാടകവും ജീവിതവും ഒന്നുതന്നെ എന്നാണോ? പാത്രം നടനെ കീഴടക്കുമ്പോൾ ജീവിതം ഇല്ലാതെയാകുന്നു. അരങ്ങിലാടിപ്പതിഞ്ഞ പദങ്ങൾ ഗൃഹത്തിലുമാടുന്നു. ഭർത്താവായും അഭിനയിക്കേണ്ടിവരുന്നു. ജീവിതവും നാടകത്തിന്റെ മറ്റൊരരങ്ങ്. നടന്റെ കീഴടങ്ങൽ പൂർണ്ണമാകുന്നില്ല. പത്നിയെ കാണുമ്പോൾ അവൻ പരിതപിക്കുന്നു, തന്റെ പരിമതികളെ തിരിച്ചറിയുന്നു. എങ്കിലും തന്നെ വിടാതെ ഒരു ബാധയായി കലി പിൻതുടരുന്നു. നടനതിന് ന്യായമുണ്ട് - ഈ വേഷമേ തനിക്ക് തരുന്നുള്ളൂ. ധർമ്മപുത്രരുടെ വേഷം തരൂ എന്ന യാചനയിൽ ഞാനൊരു ധർമ്മപുത്രരാകാം എന്നൊരു വാഗ്ദാനവും അടങ്ങിയിരിക്കുന്നു. ആരുമത് ശ്രദ്ധിച്ചില്ല എന്നുമാത്രം.

നളന്റെ കാര്യം ഇങ്ങനെയല്ല. അറിയാതെ കലിക്ക് അടിമപ്പെടുകയാണദ്ദേഹം. നടൻ-കലി എന്ന ദ്വന്ദഭാവം നളൻ-കലി എന്ന രീതിയിൽ സമാന്തരമായി വികസിക്കുന്നില്ല എന്നർത്ഥം. അതുകൊണ്ട് നളനിൽ അന്തസംഘർഷം ഇല്ല. കാർക്കോടകന്റെ ഉപദേശമാണ് നളനിൽ തിരിച്ചറിവുണ്ടാകുന്നത്.

ഇവിടെ പ്രസക്തമായൊരു ചോദ്യമുണ്ട് - അവസാനം നളൻ കലിബാധയിൽനിന്ന് രക്ഷപ്പെട്ടു. നടനോ? അവന് മോചനമുണ്ടോ? എങ്ങനെ? കലിസന്തരണമഹാമന്ത്രത്തിന്റെ താളം മുറുകുമ്പോൾ നടനും കലിയും താന്നിമരത്തിൽനിന്നും താഴെ വീഴുന്നു. നളൻ കലിയെ കീഴ്പ്പെടുത്തുന്നു. അതു തന്നിലുള്ള കലിയെ. നടനിലുള്ള കലിയോ? അതിറങ്ങിയോ? സ്വത്വമുണർത്തി നടൻ കലിയെ കീഴ്പ്പെടുത്തിയോ? ഈ നാടകമുയർത്തുന്ന ഏറ്റവും വലിയ പ്രഹേളിക ഇതാണ്. ആവിഷ്ടനായാൽ പിന്നെ പാത്രത്തിൽനിന്ന് നടന് മോചനമുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെ? ഈ പ്രശ്നം ക്രിയാക്രമത്തെ സ്തംഭിപ്പിക്കുന്നു.

പരീക്ഷിത്തും നളനും ദയതോന്നി കലിയെ വെറുതെ വിടുകയാണ്. ശുദ്ധാത്മാക്കളുടെ ദയാവായ്പാണ് താമസരുടെ അഴിഞ്ഞാട്ടത്തിന് അവസരമൊരുക്കിയത് എന്നെങ്ങാനുമൊരു സൂചന ഈ കഥയിലുണ്ടോ? കാരണം അരങ്ങിൽനിന്ന് കലി ഇറങ്ങുന്നത് സദസ്സിലേക്കാണ്. കരുതിയിരിക്കുക, ഒരുപക്ഷേ അവൻ തിരയുന്നത് നിങ്ങളേയാവും എന്നാണല്ലോ അതിന്റെ ധ്വനിപാഠം.

ഉള്ളടക്കത്തിന്റെ സങ്കീർണ്ണത നാടകത്തിന്റെ അവതരണത്തെ ബാധിച്ചിട്ടില്ല. ലളിതമാണ് രീതി. കലിക്ക് നൽകിയ വേഷവും തലയിലെ അണിയലും ഒന്നാന്തരമായി. അമൂർത്തമായതിനെ സാക്ഷാത്കരിക്കാൻ ആഹാര്യത്തിന് കഴിഞ്ഞു. തിരശ്ശീലയ്ക്ക് ഇതിൽ പല ധർമ്മങ്ങളുണ്ട്. നടനിലെ വ്യക്തിയേയും പാത്രത്തേയും പലപ്പോഴും വേർതിരിക്കുന്നത് തിരശ്ശീലയുടെ സമർത്ഥമായ പ്രയോഗമാണ്. നടൻ തിരശ്ശീല വലിച്ചെറിയുന്നതും, തിരശ്ശീലക്കാൻ നടനെ ഉള്ളിലാക്കുന്നതും വീണ്ടും കുതറിമാറുന്നതുമൊക്കെ നാടകീയമായി ആവിഷ്കരിക്കാൻ ഈ സങ്കേതം സഹായിക്കുന്നു.

കാവാലംനാടകങ്ങളുടെ അരങ്ങിലെ താളക്രമം സുവിദിതമാണ്. ഇതിൽ കഥകളിയുടെ പശ്ചാത്തലം താളലയങ്ങളെ അധികം ഹൃദ്യമാക്കുന്നു. സോപാനത്തിലെ നടസംഘത്തിന്റെ സുശിക്ഷിതപാടവം ഓരോ ചലനത്തിലും തെളിഞ്ഞുകാണാം.

ആദ്യന്തം നിലനിർത്തുന്ന കഥകളിയുടെ അന്തരീക്ഷം, നളചരിതത്തിലെത്തന്നെ പദങ്ങൾ, കാവ്യാത്മകമായ മധുരം കനിയുന്ന ഭാഷണം എല്ലാം ഈ നാടകത്തെ ഹൃദ്യമായ ഒരനുഭവമാക്കുന്നു. നമ്മുടെ നാട്യവേദിക്ക് താരുണ്യം മുറ്റിയെന്ന് കലിവേഷം നമ്മെ ഓർമ്മിപ്പിക്കുന്നു.

----------------------

**ഡോ. കെ. ജി. പൗലോസ്**
*വൈസ് ചാൻസലർ*
**കേരള കലാമണ്ഡലം കല്പിത സർവകലാശാല**
വള്ളത്തോൾ നഗർ, ചെറുതുരുത്തി പി.ഒ., തൃശ്ശൂർ ജില്ല, പിൻ: 679 531
ഫോൺ: 04884 263440 (ഓഫീസ്), 04884 264477 (വീട്), മൊ: 9846041205
E-mail: info@kalamandalam.org., kgpaulose@gmail.com
Website: www.kalamandalam.org.